# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 19

04-02-2013-ൽ മറുപടി നൽകേണ്ടിയിരുന്നത്

## മന്ത്രിവാഹനങ്ങൾ / എസ്കോർട്ട് വാഹനങ്ങൾ ഇടിച്ചുള്ള അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. ഉമ്മൻചാണ്ടി<br>((ബഹു. മുഖ്യമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിവാഹനങ്ങളും എസ്കോർട്ട് വാഹനങ്ങളും ഇടിച്ച് എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര പേർക്ക് മരണം സംഭവിച്ചിട്ടുണ്ട്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേകം പ്രത്യേകം അറിയിക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിവാഹനങ്ങളും എസ്കോർട്ട് വാഹനങ്ങളും ഇടിച്ച് 9 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിൽ മന്ത്രി വാഹനങ്ങൾ ഉൾപ്പെട്ട 5 അപകടങ്ങൾ ഉണ്ടാകുകയും അതിൽ 4 പേർക്ക് മരണം സംഭവിക്കുകയും 2 പേർക്ക് പരിക്ക് ഏൽക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിമാരുടെ എസ്കോർട്ട് വാഹനങ്ങൾ ഇടിച്ച് 4 അപകടങ്ങൾ ഉണ്ടാകുകയും ഒരാൾ മരിക്കുകയും ഒരാൾക്ക് പരിക്കേൽ ക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) മരിച്ചവരുടെ കുടുംബങ്ങൾക്കും പരിക്ക് പറ്റിയവർക്കും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി) തിരുവനന്തപുരം ജില്ലയിൽ മരണപ്പെട്ട ആളിന്റെ കുടുംബത്തിന് 2,00,000/- രൂപ ധനസഹായം നൽകി യിട്ടുണ്ട്. കൊല്ലം ജില്ലയിൽ അപകടത്തിൽ മരണപ്പെട്ട ആളിന്റെ ആശ്രിതർക്കോ, പരിക്ക് പറ്റിയ ആൾക്കോ, |

| | | | |
|---|---|---|---|
| | | | ധനസഹായം ഒന്നും തന്നെ നൽകിയിട്ടില്ല. എറണാകുളം ജില്ലയിൽ മരണപ്പെട്ടവരുടെ കുടുംബ ങ്ങൾക്ക് 5 ലക്ഷം രൂപ വീതവും, പരിക്കേറ്റ ആൾക്ക് 50,000/- രൂപയും നൽകിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ മരണപ്പെട്ട ആളിന്റെ കുടുംബത്തിന് 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ അപകടത്തിൽ പരിക്കേറ്റയാൾക്ക് 50,000/- രൂപ അനുവദിച്ചു. മലപ്പുറം ജില്ലയിൽ മരണപ്പെട്ട ആളിന്റെ കുടുംബത്തിന് 5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| **(സി)** | പ്രസ്തുത ഇനത്തിൽ സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവായിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ? | **(സി)** | പ്രസ്തുത ഇനത്തിൽ സർക്കാർ ഖജനാവിൽ നിന്നും 23 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ